# 'ഈ കുടുക്കയാണ് ഈ വീടിന്റെ ഐശ്വര്യം'

**അനിൽ പെണ്ണുക്കര**

"എന്റെയീ കൈ മുടിഞ്ഞു പോകട്ടെ!"

അടുക്കളയിൽ നിന്നും സഹധർമ്മിണി സ്വയം ശപിക്കുന്നത് കേട്ടാണ് മണ്ഡലം പ്രസിഡന്റ് അകത്തേക്കു ചെന്നത്.

"എന്താ സൗ, ഈ വിധം കുദ്ധയായി ശാപങ്ങൾ ചൊരിയുന്നത്?"

"പൊയ്ക്കൊണം.എന്നെക്കൊണ്ട് പാപം ചെയ്യിച്ചിത് നിങ്ങളൊരുത്തനാണ്! വോട്ടു ചെയ്യാനില്ലെന്ന പറഞ്ഞിരുന്ന എന്നെ കുത്തിയിളക്കി വിട്ടില്ലേ, യമകണ്ഡകാ..."

"അതിനെന്തുപറ്റി.നമ്മൾ നമ്മൾക്കു വേണ്ടി വോട്ടു ചെയ്തു. നമ്മൾ ജയിച്ചു.അങ്ങു ഡൽഹിയും ഇങ്ങു അന്തപുരീയും നമ്മൾ വോട്ടു കൊണ്ട് ഒരേയൊരു ഇന്ത്യയാക്കിയില്ലേ!"

"അതാ ഇഷം കണ്ടോ?" ന്യൂസ്സ് പേപ്പർ ഉയർത്തിക്കാട്ടി സൗദാമിനിയമ്മ ഭർത്താവിനെ തുറിച്ചു നോക്കി.

"അരിയല്ലേ ഗുഡ്, ഇനി ബിപിഎല്ലായ നമുക്കും ഏപിഎല്ലായ അപ്പുറമ്പോക്കിലെ ചെരുപ്പുക്കുത്തി അയ്യപ്പനും അരി കിട്ടും. പാവം മിക്കപ്പോഴും പട്ടിണിയിലായിരുന്നു! സന്തോഷിക്കു സൗ.. സന്തോഷിക്കൂ!"

"എന്തിനാ? അരിവാങ്ങിയിട്ട് എന്തോടുക്കാനാ? ഗ്യാസ്സിനി വർഷത്തിൽ നാലേയുള്ളു.കൂടുതൽ വേണമെങ്കിൽ പറമ്പു വിൽക്കണം!"

"ഓ സൗ,നമ്മുടെ നാടങ്ങ് പുരോഗമിക്കുകയല്ലേ.പക്ഷേ നമ്മുടെ രാജ്യം എണ്ണയ്ക്കും ഗ്യാസ്സിനും ഒക്കെയായി ധാരാളം പണം ചെലവിടുന്നുണ്ട്.ഖജനാവിലെ പണം എന്തിനു രാജ്യത്തെ ജനങ്ങൾക്കായി വീതം വെയ്ക്കണം.നമ്മൾ വയറൊന്നു മുറുക്കി ഉടുത്താൻ... സർക്കാരിനെ ഒരു കൈയൊന്നു സഹായിച്ചാൽ.!".

"ഓ ഒത്തിരിക്കൈയ്യുകൾക്കു കൈയിട്ടു വരാം!"

"സൗ, നമ്മൾ രാജ്യത്തിനു വേണ്ടി കുറെയൊക്കെ സഹിക്കണം. നമ്മുടെ ഗാന്ധിജി സഹിച്ചില്ലേ.?"

"അതു വെള്ളക്കാരെ ഓടിക്കുനായിരുന്നല്ലോ. പക്ഷേ ഇതേതു കൊള്ളാരെയാ.എംപിമാരെയോ മന്ത്രിമാരയോ?"

"സൗ, അങ്ങനെ പറയല്ലേ.മന്ത്രിയും എംപിയും നമ്മളല്ലേ."

"ദേ നാക്കു ചൊറിയുന്നു. ഇതൊക്കൊ അങ്ങു യൂപിയിലോ യൂപിഎയിലോ പോയി പറ.അല്ലേൽ രാഹുൽമോനെ ഉറക്കാൻ പറഞ്ഞുകൊടുക്ക്. കനി,രാജ,മാരൻ,കൽമാഡി,ഒക്കെ നമ്മളാണോ സാരേ..?!"

"അവരിപ്പോൾ ജയിലല്ലേ. അതിനെന്താ സൗ?"

"എന്തിനാവര് അവിടെ കെടക്കുന്നത്?"

"രാജ്യത്തിനു വേണ്ടി ജീവിക്കയല്ലേ അവര്!"

"ശരിയാ, ഇവരൊക്കെ അകത്തു കെടന്നാൽ രാജ്യം ജീവിക്കും!"

"ദേ, നമ്മുടെ കനിയോട് കോടതി പോലും പറഞ്ഞത് എന്തുവാ? ഇനി ജ്യാമത്തിനു വരുമ്പോൾ പെണ്ണെന്ന പരിഗണന നൽകാമെന്നാ!"

"എന്നുവെച്ചാൽ?"

“പെണ്ണല്ലേ കൊറച്ചൊക്കെ കണ്ടില്ലെന്നു നടിക്കണമെന്ന്.”

“എന്നാൽ എനിക്കുമുടനെ ഒരെമ്പിയാകണം. അല്ലെങ്കിൽ മന്ത്രി. ഗ്യാസ്സിനുള്ള പൈസാ ഞാനുണ്ടാക്കിക്കൊള്ളാം.”

“അതിനൊത്തിരി സമയമെടുക്കും സൗ. പിന്നെ നമ്മുടെ നേതാക്കന്മാരെ കോയമ്പത്തൂരിൽ ചികിത്സിക്കാൻ ഹൈക്കമാൻണ്ട് ഇടപെടേണ്ടി വരും!”

“എന്നാൽ ഉണ്ണാനും ഇനി സമയം കൊറെ എടുക്കും.”

“ സൗ,പൊന്നിനോടും ഗ്യസ്സിനോടുമുള്ള പെണ്ണുങ്ങളുടെ ഭ്രമം കുറച്ചേ പറ്റു. എണ്ണയും ഗ്യാസ്സും വെളിച്ചമാണ്. വെളിച്ചം ദുഃഖമാണ്! വെളിച്ചം നമ്മൾ കോൺഗ്രസ്സുകാർക്കല്ലേ വേണ്ടെന്നു വെയ്ക്കാനാവൂ.നമ്മൾ സഹിച്ചില്ലെങ്കിൽ പിന്നാരാ..?

“ദേ, ടുജി കട്ടുവിറ്റ കാശും വിദേശത്തുള്ള കള്ളപ്പണവുമില്ലേ? അതുപിടിച്ചെടുത്താൽ നാട്ടിലെല്ലാവർക്കും എണ്ണയും ഗ്യാസ്സും സൗജന്യമായി നൽകാമല്ലോ.”

“അതു, കൈവിട്ടുപോയ മുതലും പെണ്ണും പോക്കാടീ ഊവ്വേ..!”

“കൈവിട്ടു പോയ വോട്ടും എന്നു കൂടി പറയൂ.പല ജീമാരും വിറ്റ് ടുജിയുടെ കാശു വീതം വെച്ചാൽ എനിക്കും നിങ്ങൾക്കു കിട്ടും 50000 രൂപയെന്ന് എവിടെയോ വായിച്ചു.!”

“എന്റെ സൗ, നിനക്കെത്ര ടുജി വേണം? റേഷൻ കടയിലൂടെ തന്നാൽ വാങ്ങുമോ?”

“എനിക്കൊരു ടുജിയും വേണ്ടെന്റെ ജീ..! ന്യായമായ വിലയ്ക്ക് ഇത്തിരി മണ്ണെണ്ണ,ഇച്ചിരി ഗ്യാസ്സു,കുറച്ചരി പിന്നെ പെട്രോളും. കിട്ടുമോ?”

“പൊന്നൂന്റമ്മേ ഇനി ആ പരിപ്പ് നമ്മുടെ ഗ്യാസ്സിൽ വേവില്ല.രഹസ്യമാ,റിലയൻസ്സണന്മാരും റാറ്റാങ്കിളുമൊന്നും സമ്മതിക്കില്ലത്. അവരല്ലേ, നമ്മുടെ സ്പോൺസറുന്മാർ”

“ അതു ശരിയാ ഇനി നിങ്ങടെ പാർട്ടിക്കലത്തിലും ഒരു പരിപ്പും വേവുകയില്ല.ഒന്നു ചോദിച്ചോട്ടെ, നമ്മുടെ എണ്ണക്കമ്പനികൾ വലിയ നഷ്ടത്തിലാണെന്ന സർക്കാരും കമ്പനി മുതലാളിമാരും പറയുന്നല്ലോ.എന്നാല് റിലയസ്സുകാർക്കില്ലേ നഷ്ടം? അവരുടെ പമ്പിൽ നമ്മുടെ പമ്പിലെക്കാൾ വിലകുറവാണെന്നു കേട്ടല്ലോ!”

“സൗ,അങ്ങനെ പറയല്ലേ. അവർക്കു നഷ്ടമാകുന്നതു കൊണ്ടല്ലേ നമ്മടെ ‘ജീ’ അതു നികത്തിയത്.പിന്നെ നമ്മളു കൂട്ടിയാലേ, നമുക്കും കൂട്ടി കിട്ടൂ!”

“എന്തായാലും വീട്ടമ്മമാരോടും ജനങ്ങളോടും വൻ ചതിയാ നിങ്ങടെ ജീമാർ കാട്ടിയത്.”

“നന്ദി വേണം സൗ.നന്ദി! വനിതാ സംവരണത്തിനു വേണ്ടി ബദ്ധപ്പെടുന്നതാരാ? ഒരു വനിതയെ രാജ്യത്താദ്യമായി പ്രസിഡന്റാക്കിയതാരാ? സ്പീക്കറാക്കിയതാരാ?”

“ ഓ,അവരൊക്കെ അവിടിരുന്നാൽ മതി പൊന്നൂന്റമ്മേടെ അടുപ്പിൽ തീ കത്തും.. പണമില്ലെങ്കിലൽ നമ്മുടെ പൊന്നൂനെ വന്നു ആരു കെട്ടും?ഞാനീ അടുപ്പിലൂതി തലകറങ്ങി കണ്ണും പുകച്ച് ഓഫീസ്സിൽ പോയാലേ കലത്തിൽ പരിപ്പു വേവൂ. ജയലളിത വന്നാലും ജയന്തി ചായമിട്ടു ചിരിച്ചാലും പെണ്ണുങ്ങൾക്കെന്താ? ഉള്ള ഗ്യസ്സിൽ മണ്ണിട്ടതാ വനിതാവിപ്ളവം!”

“ഗാന്ധിജി എന്താ പറഞ്ഞത്?”

“എന്തുവാ..?”

“അതങ്ങനെ ഒറ്റ ശ്വസത്തിൽ പറയാൻ പറ്റില്ല. എന്നാലും പറയാം.അദ്ധ്വാനശീലം മറക്കരുത്.”

“എന്നാൽ ഞാൻ പറയാം. സ്ത്രീയ്ക്കും പുരുഷനും തുല്യനീതിയും അവസരവും ഉണ്ടാകണം! അതിവിടെ ഇനി ഉണ്ടായലേ അരിയും അതിന്റെ ചങ്ങാതിമാരും വേവൂ! ഞാൻ പച്ചക്കറി നുറുക്കിത്തരും. നിങ്ങൾ അടുപ്പ് കത്തിച്ച് പാകപ്പെടുത്തണം!”

“അതേ, ഇന്ന് ഗാന്ധിജിയെപ്പോലെ ജീവിക്കാൻ പറ്റുമോടീ?! കൊച്ചുകുറിയാണ്ടുമുടുത്ത്,കണ്ട വന്റെ ചവിട്ടും വാങ്ങി പല്ലും കളഞ്ഞ്....! അതിലും നല്ലത് ആ വാക്കുകൾ ഇടയ്ക്കിടെ ഇങ്ങനെ പറഞ്ഞ്,ആ പേരിന്റെ വാല് പേരിലും ഉടുപ്പും നടപ്പും വേഷത്തിലമൊപ്പിച്ച് അങ്ങനെ നടക്കുക. അതാ സ്റ്റൈൽ! പിന്നെ ഞാൻ സ്ത്രീസ്വാതന്ത്ര്യത്തിൽ ഇടപെടില്ല. നീ വേവിക്കുകയോ ഊതി പുകയോ എന്തു വേണമെങ്കിലും ചെയ്യൂ.”

“നിങ്ങടെ മാഡജീയ്ക്കും മോഹൻജീയ്ക്കും സാധാരണക്കാരെപറ്റി എന്തറിയാം! അ വർക്കൊക്കെ അമേരിക്കയെപറ്റിയല്ലേ ചിന്ത. റാറ്റയും ബിർളയും റിലയൻസ്സുമൊക്കെയാ അവർക്കു ഗാന്ധിയന്മാരും ദരിദ്രന്മാരും.”

“അമേരിക്ക പാപ്പരായില്ലേ,?ടാറ്റയ്ക്കും ഉണ്ടായില്ലേ നഷ്ടം? അങ്ങു മുംബെയിലെ സ്ഫോടന ത്തിൽ,ബംഗാളിലെ സിഗൂരിൽ-ഒന്നും മറക്കല്ലേ സൗ..”

“സത്യത്തിൽ നിങ്ങൾക്കുംപാർട്ടിക്കാർക്കും അറിയാവുന്നത് ഈ ഗ്യാസ്സടിയാണ്. ഗ്യാസ്സു പോകുന്ന സാധാരണക്കാരുടെയാ.”

“സാധാരണക്കാർ ബുദ്ധിമുട്ടണം.പട്ടിണിക്കാരും ദരിദ്രന്മാരും ഇല്ലെങ്കിൽ സർക്കാരിനു ക്ഷേമ പദ്ധി വല്ലതും പ്രഖ്യാപിക്കുവാനാകുമോ? ദാരിദ്രമില്ലെങ്കിൽ എങ്ങനാ ദാരിദ്ര നിർമ്മാർജ്ജനം?”

“ഇനി നാലു ഗ്യാസ്സു കൊണ്ടു വേണം ദരിദ്രൻ കൊല്ലം മുഴുവൻ ഉണ്ണാൻ! എന്തൊരു ലാഭ ക്കൊതിയാ ഈ കൊള്ളക്കാർക്ക്! തലക്കെട്ടും വെച്ചിരിക്കുവല്ലേ കുടുംബങ്ങളുടെ അടിത്തറ മാ ന്താൻ..!”

“സൗ, കുറ്റപ്പെടുത്തല്ലേ,ഗ്യാസ്സ് നമുക്കു തീപ്പെട്ടിക്കു പകരമായി ഉപയോഗിക്കാം.അടുപ്പ് കത്തി യ്ക്കാനും സന്ധ്യയ്ക്ക് ദീപം കത്തിയ്ക്കാനും മാത്രം കത്തിയ്ക്കൂ-തീപ്പെട്ടിക്കമ്പനിക്കാരുടെ അഹങ്കാരവും ആർത്തിയും നിർത്താമല്ലോ. നമ്മുടെ സർക്കാർ എന്തെല്ലമാ ശ്രദ്ധിക്കുന്നത്- അപ്പോൾ നാലേ നാലെണ്ണം ധാരാളമല്ലേ. പ്രയോഗികമായി ചിന്തിക്കൂ. ഗ്യസ്സ് ആവശ്യത്തിനു മാത്രം!”

“അതു ശരിയാ. അരിയും സാമാനങ്ങളും ഉണ്ടെങ്കിലേ അടുപ്പു വേണ്ടു. ഗ്യാസ്സ് വേണ്ടു! എല്ലാ ത്തിനും തീ വിലയാ. പിന്നെന്തിനാ പ്രത്യേകിച്ചു തീ..!”

“നീയതുമിതും പറഞ്ഞു നേരം കളയാതെ. എന്റെ വയറ്റിൽ ഗ്യസ്സായി.ഇന്നെന്താ ചപ്പാത്തിയും പരിപ്പുമോ? രാഹുൽജീയ്ക്ക് ഇത് വല്യ ഇഷ്ടമാണെന്നു കഴിഞ്ഞ മണ്ഡലം കമ്മിറ്റിയിൽ ആരോ പറഞ്ഞു കേട്ടു!”

“എന്നാൽ അദ്ദേഹത്തെക്കൂടെ വിളിയ്ക്കൂ. നല്ല കമ്മിറ്റി! ഇങ്ങനെ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യതാൽ മടുക്കില്ലേ?.പക്ഷേ പൊന്നൂന്റമ്മടെ അടുപ്പിൽ ആവക പരിപ്പൊന്നും ഇനി വേവൂല. വയറ്റിൽ ഗ്യാസ്സില്ലേ എല്ലാം പച്ചയ്ക്കങ്ങ് വിഴുങ്ങ്! മേമ്പൊടിയായി ,സോണിയാജീ രാഹുൽ ജീ ,മോഹൻജീ തുടങ്ങിയ എല്ലാ ഡ്യൂപ്ലിക്കേറ്റ് ഗാന്ധിമാരേയും പുകഴ്ത്തി സിന്ദാബാദ് വിളി യ്ക്കൂ.ഒക്കുമെങ്കിൽ ഗ്യാസ്സ് സിലിണ്ടറിന്റെ പടം എല്ലാ വീടിന്റേയും വാതിലിൽ തൂക്കുക. ‘ഈ കുടുക്കയാണ് ഈ വീടിന്റെ ഐശ്വര്യം’എന്ന കുറിയോടെ!”

“സൗ,നീയൊരു കനിയാ,തേൻകനി!”